# ഇന്ത്യയിലെ ആദ്യ പൊതു - സ്വകാര്യ പങ്കാളിത്ത ടെലികോം ഹബ്ബ് കൊച്ചിയിൽ

കൊച്ചി: ടെലികോം മേഖലയിൽ മാത്രമായുള്ള രാജ്യത്തെ ആദ്യത്തെ പൊതു സ്വകാര്യ പങ്കാളിത്വത്തോടുകൂടെയുള്ള കേന്ദ്രം കൊച്ചിയിലെ കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്നതിനുള്ള കരാറിൽ കിൻഫ്രാ മാനേജിംഗ് ഡയറക്ടർ എസ്.രാമനാഥനും പാർക്കിന്റെ നടത്തിപ്പുകാരായ മോബ്മി വയർലസ് സൊലൂഷന്റെ സി.ഇ.ഒ. സഞ്ജയ് വിജയ കുമാറും ഒപ്പു വച്ചു. ടെലികോം മേഖലയിലെ ആശയങ്ങളെ പ്രോത്സാഹിപ്പിച്ച് സംരഭകരാക്കുകയും ഈ മേഖലയിൽ അന്തർദേശിയ വ്യവസായ വളർച്ച കൈവരിക്കുകയുമാണ് ലക്ഷ്യം. ആദ്യഘട്ടമായി 15000 ചതുരശ്ര അടിയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കും.

കേന്ദ്രസർക്കാറിന്റെ സാങ്കേതിക സംരഭക വികസന ബോർഡും, ശാസ്ത്രസാങ്കേതിക വകുപ്പും, തിരുവനന്തപുരം ടെക്നോ പാർക്കും, മോബ്മി വയർലസ്സ് സൊലൂഷനും ചേർന്നാണ് പൊതു സ്വകാര്യ പങ്കാളിത്വത്തോടെ പദ്ധതി നടപ്പാക്കുന്നത്. സ്റ്റാർട്ട് അപ് വില്ലേജ് ഇന്ത്യൻ ടെലികോം ഇന്നവേഷൻ ഹബ്ബ് എന്നാണ് പദ്ധതിയുടെ പേര്.

ടെലികോം മേഖലയിൽ വളർന്നുവരുന്ന വ്യവസായ സാദ്ധ്യതകൾ മുതലെടുത്ത് ഇന്ത്യയെ ലോകത്തിന്റെതന്നെ ടെലികോം കേന്ദ്രമായി മാറ്റുകയാണ് ലക്ഷ്യമെന്ന് കിൻഫ്രാ പാർക്കുകളുടെ മാനേജിങ്ങ് ഡയറക്ടർ രാമനാഥൻ പറഞ്ഞു. ഫെബ്രുവരി മാസത്തിൽ പദ്ധതി ഉദ്ഘാടനം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ഏപ്രിലിൽ പ്രവർത്തനം ആരംഭിക്കും.

യുവ ടെലികോം സംരഭകരെ പ്രോത്സാഹിപ്പിച്ച് ഈ മേഖലയിൽ വ്യവസായ സംരഭകത്വം നടപ്പാക്കുകയാണ് ഇന്ത്യൻ ടെലികോം ഇൻക്യുബേഷൻ ഹബ്ബിന്റെ ലക്ഷ്യം. പബ്ലിക് പ്രൈവറ്റ് സഹകരണത്തോടെ നടപ്പാക്കുന്ന ഇന്ത്യയിലെ ആദ്യ ബിസിനസ്സ് ഇൻകുബേറ്ററായിരിക്കും പുതിയ കേന്ദ്രം.

ഇൻഫോസിസ് മേധാവിയായ ക്രിസ്സ് ഗോപാലകൃഷ്ണനാണ് ടെലികോം തുടക്ക കമ്പനികളുടെ കേന്ദ്രത്തിന്റെ മുഖ്യ ഉപദേഷ്ടാവ്. ആഗോള ടെലി കമ്മ്യൂണിക്കേഷൻ രംഗത്ത് പുത്തൻ തലമുറയുടെ ഗവേഷണങ്ങളും പുതിയ ആശയങ്ങളും രൂപീകരണവും കേരളത്തിന്റെ യുവ തലമുറയ്ക്ക് പ്രതീക്ഷകൾ നൽകുന്നതാണെന്ന് ഐ.ടി.വ്യവസായ വകുപ്പു മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. വ്യവസായ വിപണിയിലേക്ക് പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിനു മുമ്പ് ടെലികോം രംഗത്തെ പ്രമുഖ കമ്പനികളുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള അവസരവും ഈ മേഖലയിലെ യുവ എൻജിനീയറിംഗ് സംരഭകർക്ക് ലഭിക്കുമെന്നും കുഞ്ഞാലിക്കുട്ടി കൂട്ടിച്ചേർത്തു.

ടെലികോം മേഖലയിൽ ഏറ്റവും മികച്ച രീതിയിൽ വളർന്നു വരുന്ന മോബ്മിയുടെ പുതിയ സംരഭത്തിന് എല്ലാ സഹായവും വാഗ്ദാനം ചെയ്യുന്നതായി കേന്ദ്ര ശാസ്ത്ര സാങ്കേതിക സംരഭക വികസന ബോർഡിന്റെ ഉപദേശകൻ എച്ച്.കെ.മിത്തൽ പറഞ്ഞു. വേഗത്തിൽ വളർന്നു വരുന്ന ഇന്ത്യയിലെ 50 കമ്പനികളുടെ പട്ടികയിൽ സോഫ്റ്റ് വയർ കമ്പനികളുടെ ദേശീയ സംഘടനയായ നാസ്കോം മോബ്മി
െ ക യ
തിരഞ്ഞെടുത്തിരിക്കുന്നു.

കോളജ് കാമ്പസുകളിൽ ഉണ്ടാകുന്ന ടെലികോം മേഘല ടെക്നോളജി ആശയങ്ങൾ പ്രോത്സാഹിപ്പിച്ച് സംരഭകത്വത്തിലെത്തുക്കുകയാണ് പുതിയ പദ്ധതിയുടെ ലക്ഷ്യം. 10 വർഷത്തിനുള്ളിൽ 1000 കമ്പനികൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യമെന്നും മോബ്മി വയലസ്സ് സി.ഇ.ഒ. സൻജയ് വിജയകുമാർ പറഞ്ഞു. കൊച്ചി ആസ്ഥാനമായി ടെലികോം ഇന്നവേഷൻ കേന്ദ്രം സ്ഥാപിക്കാനാണ് ഉദ്ദേശം. അന്താരാഷ്ട്ര നിലവാരത്തിലുള്ള പുതിയ കേന്ദ്രം നിർമ്മിക്കുന്നത് പാർക്കിനുള്ളിൽ 4 ജി സംവിധാനം ലഭ്യമാക്കും. ടെലികോം ലാബുകൾ, നിയമോപദേശങ്ങൾ, ടെലിഫോൺ ലൈനുകൾ, കമ്പ്യൂട്ടറുകൾ, വീഡിയോ കോൺഫറൻസ് സംവിധാനം, ഇന്റർനെറ്റ്, സർവ്വർ, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തും സൻജയ് വിജയകുമാർ പറഞ്ഞു. കോളെജ് ക്ലാസുകളിൽ തന്നെ തുടങ്ങുന്ന വെർച്ച്വൽ ഇൻകുബേഷൻ കേന്ദ്രങ്ങളും ലക്ഷ്യത്തിലുണ്ട്.